**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 450** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഇ-നിയമസഭ പോർട്ടൽ തയ്യാറാക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന പദ്ധതികൾ, എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇ-നിയമസഭ പോർട്ടൽ തയ്യാറാക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | നിയമസഭാ സെക്രട്ടേറിയറ്റ് ആണ് ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഏകീകരിക്കുന്നത്. എം.എൽ.എ ഫണ്ട് വിനിയോഗവും അനുബന്ധ പ്രവർത്തനങ്ങളും ഉൾപ്പെട്ടിട്ടുള്ള നിയോജക മണ്ഡല ആസ്തിവികസന പദ്ധതി (എൽ.എ.സി-എ.ഡി.എസ്) പോർട്ടൽ വികസിപ്പിച്ചത് എൻ.ഐ.സി മുഖേനയാണ്. പോർട്ടലിന്റെ സാങ്കേതിക നവീകരണത്തിനും പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്) കൈകാര്യം ചെയ്യുന്നതിനുള്ള മൊഡ്യൂളിന്റെ സംയോജനത്തിനും എൻ.ഐ.സി യ്ക്ക് നിർദേശം നൽകിയിട്ടുണ്ട്. എല്ലാ ആവശ്യകതകളും, ഐ.എഫ്.എം.എസ്. ആപ്ളിക്കേഷനുകളുമായുള്ള സംയോജനവും (BIMS ഉം ഇ-അനുമതിയും), പൊതുജനങ്ങൾക്കും വകുപ്പിനുമുള്ള ഡാഷ്ബോർഡുമായി ബന്ധപ്പെട്ട ആവശ്യകതകൾ എന്നിവ അഭിസംബോധന ചെയ്യുന്ന കൂടുതൽ വിശദമായ നിർദേശം സമർപ്പിക്കുവാൻ എൻ.ഐ.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പോർട്ടൽ സമയബന്ധിതമായി തയ്യാറാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | നിയമസഭാ സെക്രട്ടേറിയറ്റ് ആണ് ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഏകീകരിക്കുന്നത്. എം.എൽ.എ ഫണ്ട് വിനിയോഗവും അനുബന്ധ പ്രവർത്തനങ്ങളും ഉൾപ്പെട്ടിട്ടുള്ള നിയോജക മണ്ഡല ആസ്തിവികസന പദ്ധതി (എൽ.എ.സി-എ.ഡി.എസ്) പോർട്ടൽ വികസിപ്പിച്ചത് എൻ.ഐ.സി മുഖേനയാണ്. പോർട്ടലിന്റെ സാങ്കേതിക നവീകരണത്തിനും പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്) കൈകാര്യം ചെയ്യുന്നതിനുള്ള മൊഡ്യൂളിന്റെ സംയോജനത്തിനും എൻ.ഐ.സി യ്ക്ക് നിർദേശം നൽകിയിട്ടുണ്ട്. എല്ലാ ആവശ്യകതകളും, ഐ.എഫ്.എം.എസ്. ആപ്ളിക്കേഷനുകളുമായുള്ള സംയോജനവും (BIMS ഉം ഇ-അനുമതിയും), പൊതുജനങ്ങൾക്കും |

| | | | |
|---|---|---|---|
| | | | വകുപ്പിനുമുള്ള ഡാഷ്ബോർഡുമായി ബന്ധപ്പെട്ട ആവശ്യകതകൾ എന്നിവ അഭിസംബോധന ചെയ്യുന്ന കൂടുതൽ വിശദമായ നിർദേശം സമർപ്പിക്കുവാൻ എൻ.ഐ.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ